LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി മോഷണം

15 [333] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഇതേവരെ വൈദ്യുതി മോഷണം സംബന്ധിച്ച് എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്; ഇവ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി മോഷണം നടത്തിയതിന്റെ ഫലമായി എത്ര ഉപഭോക്താക്കളുടെ കണക്ഷനുകൾ വിച്ഛേദിക്കുകയുണ്ടായി എന്നും പിന്നീട് എത്ര കേസ്സുകളിൽ കണക്ഷൻ പുനഃസ്ഥാപിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(സി) ബോർഡിന്റെ ആന്റി തെഫ്റ്റ് സ്ക്വാഡ് കണ്ടുപിടിച്ച വൈദ്യുതി മോഷണ കേസ്സുകളിൽ എത്ര എണ്ണത്തിൽ സർക്കാർ ഉത്തരവുവഴി വീണ്ടും കണക്ഷൻ പുനഃസ്ഥാപിച്ചു കൊടുത്തു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ എത്ര ലക്ഷം രൂപയുടെ മോഷണമാണ് കണ്ടുപിടിക്കപ്പെട്ടതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 6/2001 മുതൽ 12/2004 വരെ സംസ്ഥാനത്ത് 629 വൈദ്യുത മോഷണ കേസ്സുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു:

തിരുവനന്തപുരം	..	211
കൊല്ലം	..	51
ആലപ്പുഴ	..	24
പത്തനംതിട്ട	..	9
എറണാകുളം	..	70
കോട്ടയം	..	74
തൃശ്ശൂർ	..	49
ഇടുക്കി	..	8
പാലക്കാട്	..	43
മലപ്പുറം	..	19
കോഴിക്കോട്	..	37
വയനാട്	..	21
കണ്ണൂർ	..	4
കാസർഗോഡ്	..	9
ആകെ	..	629

(ബി) വൈദ്യുതി മോഷണം കണ്ടുപിടിക്കപ്പെടുന്ന എല്ലാ കേസുകളിലും വൈദ്യുതി ബന്ധം താൽക്കാലികമായി വിച്ഛേദിക്കുന്നുണ്ട്.

ഇവയിൽ വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ച കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു:

തിരുവനന്തപുരം	..	209
കൊല്ലം	..	50
ആലപ്പുഴ	..	19
പത്തനംതിട്ട	..	9
എറണാകുളം	..	63
കോട്ടയം	..	65
തൃശ്ശൂർ	..	48
ഇടുക്കി	..	8
പാലക്കാട്	..	41
മലപ്പുറം	..	18
കോഴിക്കോട്	..	37
വയനാട്	..	20
കണ്ണൂർ	..	4
കാസർഗോഡ്	..	9
ആകെ	..	600

(സി) മോഷണ കേസുകളിൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ച കേസുകൾ (1-4-2003 മുതൽ 31-12-2004 വരെ) 47 എണ്ണം.

(ഡി) ഇത്തരത്തിൽ കണ്ടുപിടിക്കപ്പെട്ട വൈദ്യുതി മോഷണം 28,84,11,274 രൂപയുടേതാണ്.

ഗാർഹികാവശ്യത്തിന് നൽകിയ വൈദ്യുതി

16 [334] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മെയ് മാസം മുതൽ നാളിതുവരെ സംസ്ഥാനത്താകെ ഗാർഹികാവശ്യത്തിനായി എത്ര പുതിയ വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഏതു കാലയളവുവരെ സമർപ്പിച്ച അപേക്ഷകൾക്കാണ് ഗാർഹികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകൾ ഇതുവരെ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly